# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **7920**

**16.07.2014**- ലെ മറുപടിക്ക്

**<u>മിഷൻ 676 ഭാഗമായുള്ള പദ്ധതികൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.വി.ശശി** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) മിഷൻ 676 ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി നീക്കി വച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) മിഷൻ 676–ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സംഘങ്ങൾ ചെലവഴിക്കുന്ന തുകയ്ക്കു പുറമേ ഇതിനായി സഹകരണ വകുപ്പിന്റെ പദ്ധതിയിനത്തിൽ മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നു കൂടി തുക കണ്ടെത്തുന്നതാണ്. |
| ബി) 50 പട്ടികജാതി /പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ പദ്ധതിയിൻകീഴിൽ 2014–15 ലെ ബജറ്റിൽ സംസ്ഥാന പദ്ധതിയിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും എൻ.സി.ഡി.സി യിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) 2014–15 –ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് ധനസഹായം അനുവദിക്കുന്നതിന് ആകെ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പട്ടികജാതി/ പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതാണ്. അതോടൊപ്പം തന്നെ എൻ.സി.ഡി.സി പദ്ധതിയിൽ ഉൾപ്പെട്ട "പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി" യിൽ വകയിരുത്തിയിട്ടുള്ള 1125 ലക്ഷം രൂപയിൽനിന്നും പട്ടികജാതി പട്ടിക വർഗ്ഗ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്. |

| | |
|---|---|
| സി) 50 സഹകരണ സംഘങ്ങളെ തെരഞ്ഞെടു (സി) ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദീക രിക്കാമോ? | പ്രസ്തുത സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള ചട്ട ങ്ങൾക്ക് വിധേയമായി ചുവടെപ്പറയുന്ന വ്യവസ്ഥ കൾ പാലിച്ചിട്ടുള്ള 50 സംഘങ്ങളെ തെരഞ്ഞെടു ക്കുന്നതാണ്.<br>1. മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.<br>2. കുറഞ്ഞപക്ഷം 10 എസ്.സി/എസ്.റ്റി അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്ടായിരിക്കണം.<br>3. സർക്കാർ കുടിശ്ശിക പാടില്ല.<br>4. സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.<br>5. സംഘം കുറഞ്ഞത് മൂന്നു വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.<br>6. ആഡിറ്റ് രണ്ടു വർഷം മുമ്പ് വരെ പൂർത്തിയായിരിക്കണം. |

സെക്ഷൻ ഓഫീസർ